വചനവിചിന്തനം - 2010 ഏപ്രിൽ 25, ഞായർ

മർക്കോസ് 3:13-19

ദൈവാനുഭവത്തിന്റെ കൂടാരമാണ് മലമുകൾ. പിതാവും പുത്രനും ഹൃദയ പൂർവ്വം സംവദിക്കുന്ന താബോർ മല. പിന്നീടു പുത്രനുവേണ്ടി ഒരുക്കിയിരുന്ന കാൽവരി മലയിലേയ്ക്കുള്ള യാത്രാമദ്ധ്യേയാണ് ഈ കണ്ടുമുട്ടൽ. ''നീ എന്റെ പ്രിയപുത്രനല്ലേ'' എന്ന പിതാവിന്റെ സ്നേഹചുംബനവുമായാണ് താബോർമല അവനെ യാത്രയാക്കുന്നത്. സീനായ്മല മോശയ്ക്കും, കാർമ്മൽ മല ഏലിയാ പ്രവാചകനുമൊക്കെ ദൈവപ്രത്യക്ഷീ കരണത്തിന്റെ വേദികളാകുന്നത് പുറപ്പാടുപുസ്തകവും രാജാക്കന്മാരുടെ പുസ്തകവു മൊക്കെ വിവരിക്കുന്നതിന്റെ ബോധച്ചരട് മുറിയാതെയാണ് മർക്കോസും ഒരു മലമുകൾ തിരഞ്ഞെടുക്കുന്നത്. MK.3:13 - അവൻ മലമുകളിലേയ്ക്കു കയറി - തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിനു വേണ്ടിയാണിത്.

മലമുകൾ നല്കുന്ന പിതാവിന്റെ സ്നേഹസാന്നിദ്ധ്യത്തിൽ ഒരു തിരഞ്ഞെ ടുപ്പ് നടത്തുന്നത് പിതാവും പുത്രനും എത്രമാത്രം ഗൗരവപൂർവ്വം ഈ സംഭവത്തെ കണ്ടു എന്നു വിവരിക്കാനാണ്. നിങ്ങൾ എന്നെയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് എന്ന വചനത്തിൽ ക്രിസ്തുവിന്റെ നിശ്ചയും ഉത്തരവാദിത്വവുമുണ്ട്. തന്റെശിഷ്യന്മാർക്കു വേണ്ടി മാത്രമല്ല, കാലാതിവർത്തിയോളം താൻ വിളിക്കുന്നവർക്കു ക്രിസ്തു നല്കുന്ന സംരക്ഷണത്തെപ്പറ്റിയുള്ള ഉറപ്പാണ് ഇത്.

പ്രസംഗിക്കാൻ അയയ്ക്കപ്പെടുക എന്ന നിയോഗത്തിന് ക്രിസ്തുവിനൊരു പരിശീലന പദ്ധതിയുണ്ട് - തന്നോടുകൂടെയായിരിക്കുക. to be with him എന്നു പറയു ന്നത് ഒരു ജീവിത സമർപ്പണമാണ്. മനസ്സും, ഹൃദയവും തമ്പുരാനോടു ചേർത്തുവച്ച് നിദ്രാ ബോധങ്ങളിൽപ്പോലും അവന്റെ ശ്വാസഗതികളോട് ഒന്നാകുന്ന ശിഷ്യന്റെ തപസ്സ്. ഒറീസ്സാ യിലെ കണ്ടമാലിൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട കന്യാസ്ത്രീ സഹിച്ചതും, നഗ്നയാ ക്കപ്പെട്ടതും, പിന്നെ കൂട്ടബലാത്സംഗത്തിനിരയായതുമൊക്കെ വിവരിച്ചിട്ട് കണ്ണുനനയുമ്പോൾ ഇപ്രകാരമൊരു ഒപ്പുവയ്ക്കൽ നടത്തിയത് നമ്മൾ അറിഞ്ഞു; ഞാൻ സഹിച്ചതെല്ലാം ക്രിസ്തുവിന്റെ കുരിശിന്റെ വേദനയോടു ചേർത്തുവയ്ക്കുന്നു എന്ന്. വിളിക്കപ്പെട്ട വർക്കൊക്കെ അവന്റെ നിയോഗവഴിയിലൂടെ നടക്കാതിരിക്കാൻ വയ്യ. ആ വഴി നീളുന്നത് നഗ്നനാക്കപ്പെട്ട് കുരിശിൽ ജീവൻ വെടിയുന്ന കാൽവരി വരെയാകാം.... പക്ഷേ കാലിട റാതെ നടക്കാൻ ഉള്ളിലൊരു കനൽ എരിയണം - ''ക്രിസ്തു സ്നേഹത്തിന്റെ.'' ഈ ചൂടാണ് വിളിക്കപ്പെട്ടവരൊക്കെ അവനോടു കൂടെയാണ് എന്നതിന്റെ സൂചന.

പ്രസംഗിക്കാൻ അയയ്ക്കപ്പെടുന്നവരുടെയൊക്കെ മൂലധനം ''ക്രിസ്തുവിന്റെ കൂടെയായിരുന്നതിന്റെ, ആയിരിക്കുന്നതിന്റെ പരിചയമാണ്.'' അതുകൊണ്ടാണ് യോഹന്നാൻ തന്റെ എഴുത്തിന് ഇപ്രകാരമൊരു മുഖക്കുറി കൊടുക്കുന്നത് - ഞങ്ങൾ കണ്ണുകൊണ്ട് ക ണ്ടതും സ്പർശിച്ചറിഞ്ഞതുമായ ജീവന്റെ വചനത്തെയാണ് ഞങ്ങൾ പ്രഘോഷിക്കുന്നത് എന്ന്. ഒരുദിവസം വച്ചു നീട്ടുന്ന എല്ലാ അലച്ചിലുകൾക്കും മുമ്പ് വി. കുർബാനയ്ക്കു മു മ്പിൽ നിന്നു പ്രാർത്ഥിക്കുന്ന മണിക്കൂറുകളെക്കുറിച്ച് മദർതെരേസ്സ പറയാറുണ്ടായിരുന്നു. ഒരു മെട്രോ നഗരത്തിന്റെ മാലിന്യക്കൂമ്പാരങ്ങളിലും, അഴുക്കു ചാലുകളിലുമൊക്കെ ജീവന്റെ തുടിപ്പുണ്ടോ എന്നറിയാൻ ശ്രദ്ധയോടെ അന്വേഷിച്ചുനടന്ന ഒരു കന്യാസ്ത്രീ. പക്ഷേ എത്ര ആദരവോടെയാണ് ലോകം അവരെ പ്രണമിക്കുന്നത്. അവരുടെ മടിയിൽക്കിടന്നു മനു

ഷ്യനായി മരിക്കാൻ ഭാഗ്യം കിട്ടിയ ഒരു വൃദ്ധൻചോദിച്ചതുപോലെ.... ''നിങ്ങളാണോ ക്രിസ്തു.'' അവനോടുകൂടി ആയിരിക്കുന്നവർക്കൊക്കെ ഇതുപോലെ ജീവിതം കൊണ്ട് പ്രസംഗിക്കാം.

ദൈവവിളി ദിനത്തിൽ മറക്കാൻ പാടില്ലാത്ത ഒരു ചിന്തകൂടി;

മാദ്ധ്യമങ്ങൾ കളറുകൊടുക്കുന്ന ചിത്രങ്ങൾ കണ്ട് കയ്യടിക്കുമ്പോൾ, ഇവിടെ നഗ്ന രാക്കപ്പെടുന്നതും ക്രൂശിക്കപ്പെടുന്നതുമൊക്കെ വൈദികരും സന്യസ്തരുമാണ്. അത്താഴ മേശയ്ക്കു ചുറ്റുമിരുന്ന് ഇതു കണ്ട് കയ്യടിക്കുമ്പോൾ ആഹാരത്തോടൊപ്പം വരുന്ന തലമു റയ്ക്ക് നമ്മൾ പങ്കുവച്ചു കൊടുക്കുന്നത് എന്താണെന്ന് ചിന്തിക്കേണം.... പണ്ടൊക്കെ വിശ്വാ സത്തെക്കുറിച്ചും രക്തസാക്ഷിത്വത്തെക്കുറിച്ചുമൊക്കെ പറഞ്ഞുതന്നിരുന്ന ഒരു പൂർവ്വ തല മുറ കത്തിച്ചുവച്ച വിളക്കു നാം കെടുത്തരുത്. ഓരോ മിഷനറി പ്രദേശത്തും നാട്ടിലുമൊക്കെ സ്വന്തമായി സ്വപ്നങ്ങൾ പോലുമില്ലാതെ, ജീവൻ നേദിക്കുന്ന ഒരുപാടു വൈദികരുടേയും സന്യസ്തരുടേയും ബലി എന്തേ നമ്മൾ വിസ്മരിക്കുന്നു? അല്ലെങ്കിൽ അവർക്കുവേണ്ടി അധരങ്ങളിൽ സൂക്ഷിക്കാൻ ഒരു പ്രാർത്ഥന എന്തേ കുഞ്ഞുങ്ങൾക്കു പഠിപ്പിച്ചു കൊടു ക്കാതിരിക്കുന്നു?

അപരാധമാണത്! ഈ ദൈവവിളി ദിനമെങ്കിലും നമുക്ക് ഒരു പുനർവിചിന്തനം നടത്താം...

ഫാ. അലക്സ് വേലച്ചേരിൽ.